# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 പ്രതിദിന വാർത്താ സമ്മേളനത്തിന്റെ മിനിറ്റ്സ്

**2020 ഏപ്രിൽ 23, വൈകുന്നേരം 4.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## ബഹു. ആരോഗ്യവകുപ്പ് മന്ത്രി

കേരളത്തിൽ ഇന്ന് 10 പേർക്ക് രോഗം സ്ഥിരീകരിച്ചു. തിരുവനന്തപുരം, കൊല്ലം ജില്ലയിൽ നിന്നും ഓരോപേർക്കും, കോട്ടയം, കോഴിക്കോട് ജില്ലയിൽ നിന്ന് 2 പേർക്കും, ഇടുക്കി ജില്ലയിൽ നാല് പേർക്കുമാണ് ഇന്ന് രോഗബാധ സ്ഥിരീകരിച്ചത് എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. കേരളത്തിൽ ഇന്ന് 8 പേരുടെ പരിശോധനാഫലം നെഗറ്റീവ് ആയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ നിന്നും 6 പേരുടെയും, മലപ്പുറം, കണ്ണൂർ ജില്ലയിൽ നിന്നും ഓരോരുത്തരുടെയും പരിശോധനാഫലമാണ് നെഗറ്റീവ് ആയത്. രോഗം സ്ഥിരീകരിച്ച് 129 പേർ നിലവിൽ ആശുപത്രികളിൽ ചികിത്സയിലാണ്. ഇന്ന് 213 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 23876 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 23439 പേർ വീടുകളിലും 437 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 21334 സാമ്പിളുകൾ പരിശോധിച്ചതിൽ 20326 സാമ്പിളുകൾ നെഗറ്റീവ് ആണ്. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

ലോകത്താകമാനം 24,75,723 കേസ്സുകളും, 1,69,151 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ 21,393 കേസ്സുകളും, 681 മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇന്ത്യയിൽ ഇന്ന് 1408 പുതിയ കേസ്സുകളും, 41 മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള കണക്കും, വീടുകളിലും, ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. ടെസ്റ്റിംഗ് സെന്ററുകളുടെ ജില്ലതിരിച്ചുള്ള വിഭജനവും, ലാബുകളിൽ നിലവിലെ സംവിധാനത്തിൽ ചെയ്യാൻ കഴിയുന്ന ടെസ്റ്റുകളുടെ കണക്കും അറിയിച്ചു. ഇപ്പോൾ ചികിത്സയിലുള്ള രോഗികളുടെയും, രോഗംഭേദമായവരുടേയും ആരോഗ്യനിലയെക്കുറിച്ചുള്ള വിശകലനവും നടത്തി. രോഗം സ്ഥിരീകരിച്ചവരുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങളും അവതരിപ്പിച്ചു. ഐ സി എം ആർ അനുമതി ലഭിച്ച എറണാകുളം, കോട്ടയം, മഞ്ചേരി മെഡിക്കൽ കോളേജുകളിൽ ടെസ്റ്റിംഗ് ആരംഭിച്ചു. നിലവിൽ 14 പൊതുമേഖലാ ലാബുകളിലും, 2 സ്വകാര്യമേഖലാ ലാബുകളിലും പരിശോധന നടക്കുന്നു. കണ്ണൂരിൽകൂടി പ്രവർത്തനക്ഷമമാകുന്നതോടെ 15 പൊതുമേഖലാ ലാബുകളിലായി 3500 സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള സൗകര്യം ഉണ്ടാകും. കണ്ണൂർ,

കാസർഗോഡ് ജില്ലകളിൽ നിന്ന് 418 സാമ്പിളുകൾ സാമൂഹിക നിരീക്ഷണത്തിനായി ശേഖരിച്ചിരുന്നു. ഇതിൽ 355 സാമ്പിളുകളുടെ പരിശോധനാഫലം നെഗറ്റീവാണ്. 63 സാമ്പിളുകളുടെ പരിശോധനാഫലം ലഭിക്കാനുണ്ട്. സെന്റിനൽ സർവ്വൈലൻസിന്റെ ഭാഗമായി 121 സാമ്പിളുകൾ പരിശോധിച്ചതിൽ 107 സാമ്പിളുകളുടെ പരിശോധനാഫലം നെഗറ്റീവാണ്. 14 സാമ്പിളുകളുടെ പരിശോധനാഫലം ലഭിക്കാനുണ്ട്. തിരുവനന്തപുരം എറണാകുളം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ കോവിഡ് 19 കണ്ടുപിടിക്കാനുള്ള ജീൻ എക്സ്പേർട്ട് പരിശോധന ആരംഭിക്കുവാനായി 1000 കാട്രിഡ്ജുകൾ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. അടിയന്തിര കേസുകളിൽ ഇതുവഴി 45 മിനിറ്റിനുള്ളിൽ പരിശോധനാഫലം ലഭിക്കുന്നതാണ്. കെ. എം. എസ്. സി .എൽ. ൽ ആവശ്യത്തിന് സ്റ്റോക്ക് ഉണ്ട്. പാലക്കാട് അതിർത്തിയിലുള്ള 600 പേരുടെ സാമ്പിൾ പൂൾ ചെയ്യുന്നത് വഴി 120 കിറ്റുപയോഗിച്ച് ആർ ജി സി ബി യിലോ, ആലപ്പുഴ എൻ ഐ വി യൂണിറ്റിലോ ചെയ്യാൻ സാധിക്കും. ഇത്തരത്തിൽ റെഡ് സോൺ ജില്ലകളിലും, പാലക്കാടും 3000 മുതൽ 4000 പേരുടെ വരെ പരിശോധന നടത്താൻ സാധിക്കും. കോഴിക്കോട് ജില്ലയിൽ ഇഖ്ര ഹോസ്പിറ്റലിലെ ഒരു നേഴ്സ് പോസിറ്റീവ് ആകാനുണ്ടായ സാഹചര്യം മുഖ്യമന്ത്രി ആരാഞ്ഞു. ധാരാളം രോഗികൾ വന്നുപോകുന്ന സ്ഥലമായതിനാൽ വേണ്ട നടപടികൾ സ്വീകരിക്കണം എന്ന മുഖ്യമന്ത്രിയുടെ ചോദ്യത്തിന് മറുപടിയായി കോണ്ടാക്റ്റ് ട്രെയ്സിങ്ങ് നടക്കുന്നതായും സമ്പർക്കമുണ്ടായ എല്ലാവരേയും നിരീക്ഷണത്തിലാക്കിയിട്ടുണ്ടെന്നും അറിയിച്ചു. പോസിറ്റീവ് ടെസ്റ്റ് റിസൾട്ട് ലഭിച്ചാലുടൻ തന്നെ ബന്ധപ്പെട്ട ജില്ലയിലെ ഡി എസ് ഒ മാരെ അറിയിച്ച് കോൺടാക്റ്റ് ട്രെയ്സിങ്ങും മറ്റ് തുടർ നടപടികളും സ്വീകരിക്കാറുണ്ട്. ഇത് സംബന്ധിച്ച മാധ്യമ വാർത്തകൾ ശരിയല്ല.

## ചീഫ് സെക്രട്ടറി

എല്ലാ ജില്ലകളിലേയും ജില്ലാ കളക്ടർ, എസ് പി, ഡി എം ഒ എന്നിവരുമായി ഇന്നലെ വീഡിയോ കോൺഫറൻസ് നടത്തുകയും ലോക്ക്ഡൗൺ കാലത്ത് നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. അവരിൽ നിന്നുള്ള ഫീഡ്ബാക്കും ശേഖരിച്ചു. ഇത് പ്രകാരം നാളെ മുതൽ ചെയ്യേണ്ട കാര്യങ്ങൾ ചീഫ് സെക്രട്ടറി അറിയിച്ചു. കോഴിക്കോട്, മലപ്പുറം, കണ്ണൂർ കാസർഗോഡ് ജില്ലകൾ റെഡ്സോൺ ആയി തന്നെ നിലനിർത്തേണ്ടതുണ്ട്. മറ്റ് ജില്ലകൾ ഓറഞ്ച് സോണുകളായും നിലനിർത്തേണ്ടതുണ്ട്. കൂടെ കൂടെ സോൺ മാറുന്നത് ദൈനംദിന പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാക്കും. എല്ലാ റെഡ്സോൺ ജില്ലകളും മെയ് 3 വരെ ലോക്ക്ഡൗണിൽ തന്നെ ആയിരിക്കും. മറ്റ് ജില്ലകളിൽ കേന്ദ്ര സർക്കാരിന്റെ മാർഗ്ഗരേഖ പ്രകാരം ഇളവുകൾ അനുവദിക്കാവുന്നതാണ്. ജില്ലാ കളക്ടർമാർക്ക് ആവശ്യമെങ്കിൽ ഇളവുകളിൽ മാറ്റം വരുത്താവുന്നതാണ്. പഞ്ചായത്തുകൾ ഹോട്ട്സ്പോട്ട് ആകുമ്പോൾ ആ പഞ്ചായത്ത് മുഴുവനായി ലോക്ക്ഡൗൺ ആയിരിക്കും. എന്നാൽ മുനിസിപ്പാലിറ്റികളും, കോർപ്പറേഷനുകളും ഹോട്ട്സ്പോട്ട് ആകുമ്പോൾ ബന്ധപ്പെട്ട വാർഡ്/ ഡിവിഷൻ മാത്രമേ ലോക്ക്ഡൗൺ ആകേണ്ടതുള്ളൂ. ഹോട്ട്സ്പോട്ട് പ്രദേശങ്ങളിൽ ഇളവുകൾ അനുവദിക്കാൻ പാടില്ല. എന്നാൽ ഓറഞ്ച് സോണിൽ കേന്ദ്ര സർക്കാരിന്റെ മാർഗ്ഗരേഖ പ്രകാരം ഇളവുകൾ അനുവദിക്കാവുന്നതാണ്. പാലക്കാട് പോലുള്ള ജില്ലകളിലെ അതിർത്തി പ്രദേശങ്ങളിൽ ശക്തമായ പരിശോധന ഉണ്ടാകണം. അടിയന്തിര സാഹചര്യങ്ങളിൽ മാത്രമേ സംസ്ഥാ

നത്തേക്ക് പ്രവേശനം അനുവദിക്കാവൂ. ഇത്രയും കാര്യങ്ങൾ ചെയ്താൽ മെയ് 3 വരെ കാര്യങ്ങൾ നിയന്ത്രണത്തിലായിരിക്കും. ഐ സി എം ആർ ൽ നിന്നു ലഭിച്ച ആന്റീ ബോഡി കിറ്റുകൾ ഉപയോഗിക്കരുതെന്ന് അവർ അറിയിച്ചിട്ടുണ്ട്. താൽക്കാലികമായി നിർത്തിവയ്ക്കാനാണോ ഐ സി എം ആർ നിർദ്ദേശിച്ചിരിക്കുന്നത് എന്ന മുഖ്യമന്ത്രി യുടെ ചോദ്യത്തിന് മറുപടിയായി ഇപ്പോൾ ലഭിച്ച കിറ്റുകൾക്ക് ഗുണമേന്മ ഇല്ലാത്തതി നാൽ ഐ സി എം ആർ ന്റെ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് മറ്റൊരു കമ്പനിയിൽ നിന്ന് വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശപ്രകാരം വാങ്ങാവുന്നതാണ്. മെഡിക്കൽ അനുബന്ധ ഉപകരണങ്ങളുടേയും, ഭക്ഷ്യധാന്യങ്ങളുടേയും സ്റ്റോക്ക് തൃപ്തികരമാണ്. ചരക്ക് ലോറികളുടെ വരവിൽ ഇന്നത്തെ കണക്കനുസരിച്ച് 2300 ലോറികൾ ആണ് എത്തിയിട്ടുള്ളത്. ഉരുളക്കിഴങ്ങിന്റെയും സ്റ്റോക്കിൽ നേരിയ കുറവുണ്ട്.

## വിദഗ്ദ്ധ സമിതി ചെയർ പേഴ്സൺ

കേരളത്തിൽ നിലവിൽ സമൂഹ വ്യാപനം ഉള്ളതായി കാണുന്നില്ല. നിരീക്ഷണ കാലാ വധി കഴിഞ്ഞ ആളുകളിൽ പോസിറ്റീവ് ഫലം ഉണ്ടാകുന്നതിൽ ആശങ്കപ്പെടേണ്ടതില്ല. കോവിഡ് വൈറസിന് ആർ എൻ എ, പ്രോട്ടീൻ എന്നിങ്ങനെ 2 ഘടകങ്ങളുണ്ട്. രോഗ വ്യാപനകാലയളവ് കഴിഞ്ഞാലും ആർ എൻ എ നിലനിൽക്കും. പി സി ആർ ടെസ്റ്റ് വഴി ആർ എൻ എ ഘടകമാണ് കണ്ടെത്തുന്നത്. അതിനാലാണ് നിരീക്ഷണ കാലാവധി കഴിഞ്ഞ ആളുകളിലും പോസിറ്റീവ് ഫലം ഉണ്ടാകുന്നത്. ഇത്തരക്കാരിൽ രോഗപകർച്ചാ സാധ്യത ഉണ്ടോ എന്നറിയാൻ 3 സാധ്യതകളാണ് ഉള്ളത്. ഒന്ന് വൈറസ് കൾച്ചർ (നില വിൽ പൂണെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ മാത്രമേ ഇതിനു സൗകര്യമുള്ളൂ). രണ്ട് പ്രോട്ടീൻ ടെസ്റ്റ് ( ശ്രീ ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഈ പരിശോധന വികസിപ്പിച്ചിട്ടുണ്ട്) മൂന്നാമ ത്തേതും ഏറ്റവും എളുപ്പമുള്ളതുമായ മാർഗ്ഗം ആന്റീബോഡീ ടെസ്റ്റ് ചെയ്യുക എന്നുള്ള താണ്. ഐ ജി എം ആന്റീബോഡി പോസിറ്റീവ് ആണെങ്കിൽ രോഗ പകർച്ചാ സാധ്യത യുണ്ട്. നിരീക്ഷണ കാലാവധി കഴിഞ്ഞ ആളുകളിൽ പോസിറ്റീവ് ഫലമുണ്ടായാൽ നിരീ ക്ഷണകാലാവധി നീട്ടണോ എന്നുള്ള വിഷയത്തിൽ സ്റ്റേറ്റ് മെഡിക്കൽ ബോർഡ് മാർഗ്ഗ രേഖ തയ്യാറാക്കേണ്ടതാണ്. നിലവിൽ ഡോക്ടർമാർക്കും, മറ്റ് ആരോഗ്യ പ്രവർത്തക ർക്കും കോവിഡ് അല്ലാത്ത അടിയന്തിര രോഗങ്ങൾ ചികിത്സിക്കുന്നതിൽ ആശങ്ക ഉണ്ട്. ഈ സാഹചര്യത്തിൽ ജീൻ എക്സ്പേർട്ട് പരിശോധന വളരെ പ്രാധാന്യമർഹിക്കുന്നു. ട്രൂനാറ്റ് ടെസ്റ്റ് കൂടി ലഭ്യമാകുന്നതോടെ ഇത്തരം അടിയന്തിര രോഗങ്ങൾ ആശങ്ക ഇല്ലാതെ തന്നെ ചികിത്സിക്കാവുന്നതാണ്.

## സിവിൽ സപ്ലൈസ്

അരി 65 ദിവസത്തേക്ക് ആവശ്യമായത് സ്റ്റോക്കുണ്ട്. ആട്ട 136 ദിവസത്തേക്കും, ഉഴുന്നു പരിപ്പ് 10 ദിവസത്തേക്കും, കടല 22 ദിവസത്തേക്കും, ചെറുപയർ 14 ദിവസത്തേക്കും, വെളിച്ചെണ്ണ 4 ദിവസത്തേക്കും, പഞ്ചസാര 13 ദിവസത്തേക്കും, ഉപ്പ് 12 ദിവസത്തേക്കും ആവശ്യമായ സ്റ്റോക്കുണ്ട്. 11 ലക്ഷം പലവ്യഞ്ജന കിറ്റ് പൂർത്തിയായി സീൽ ചെയ്തു. 31 ലക്ഷം ഭാഗീകമായി പൂർത്തിയാക്കി. എൽ പി ജി ആവശ്യത്തിന് സ്റ്റോക്കുണ്ട് എന്നാൽ നിയന്ത്രണങ്ങൾ മൂലം എല്ലായിടത്തും എത്തിക്കാൻ ബുദ്ധിമുട്ട് നേരിടുന്നു. അവശ്യ വസ്തുക്കൾക്ക് വലിയ വില വർദ്ധനവ് കാണുന്നില്ല. ബീൻസ്, മുളക്, തക്കാളി

എന്നിവയുടെ സ്റ്റോക്ക് കുറവാണ്. സ്റ്റോക്ക് കൂട്ടാൻ എന്ത് നടപടി എടുത്തു എന്നുള്ള മുഖ്യമന്ത്രിയുടെ ചോദ്യത്തിന് ബഫർ സ്റ്റോക്ക് നിലനിർത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. കുറവുള്ള വസ്തുക്കൾ ശേഖരിക്കാനായി ഹോൾസെയിൽ ഡീലർമാരുടെ യോഗം വിളിക്കാനും വേണ്ടി വന്നാൽ അത്തരം വസ്തുക്കൾ കൊണ്ടുവരാനായി ട്രക്കുകളുടെ സൗകര്യം ഒരുക്കണമെന്നും ചീഫ്സെക്രട്ടറി നിർദ്ദേശിച്ചു.

## തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി

37 സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി കിച്ചണിന്റെ പ്രവർത്തനം നിർത്തിവെയ്ക്കേണ്ടതായി വന്നു. ഇതിന് 3 കാരണങ്ങൾ ആണ് അറിയിച്ചിട്ടുള്ളത്. (1) കുടുംബശ്രീയുടെ ബഡ്ജറ്റ് ഹോട്ടലുകൾ ആരംഭിച്ചതിനാലും, (2) ആവശ്യക്കാരില്ലാത്തതുകൊണ്ടും, (3) നിരീക്ഷണത്തിലുള്ള ആളുകളുടെ എണ്ണം കുറഞ്ഞതും ഇതിനു കാരണമായി. ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാനായി കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഏപ്രിൽ 21-ാം തീയതി മുതൽ തൊഴിലുറപ്പ് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കുറച്ച് പേർ മാത്രമെ തൊഴിലുറപ്പ് പ്രവർത്തനങ്ങൾക്ക് എത്തിയിട്ടുള്ളൂ. ഇനിയുള്ള ദിവസങ്ങളിൽ ഇത് കൂടുമെന്നാണ് പ്രതീക്ഷിക്കുന്നത്. പഞ്ചായത്തുകളിൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ക്ലീൻകേരള കമ്പനി സമ്മിശ്ര മാലിന്യ ശേഖരങ്ങൾ നീക്കം ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്. എന്നാൽ ചില സ്ഥലങ്ങളിലെങ്കിലും മാലിന്യങ്ങൾ അൺലോഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് പ്രശ്നങ്ങളുണ്ട്. കാസർഗോഡ് കണ്ണൂർ ജില്ലകളിൽ നിന്നുള്ള മാലിന്യങ്ങൾ എടുക്കാൻ ചിലർ വിമുഖത കാണിക്കുന്നുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിച്ച് കൊണ്ടു പോകുവാൻ നോക്കുന്നുണ്ട്. ചില പഞ്ചായത്തുകളിൽ ഫണ്ട് കുറവുള്ളതായി പറയുന്നു. അവർക്ക് അടുത്ത ഗഡു ഫണ്ട് റിലീസ് ചെയ്യാനോ ജനറൽ പർപ്പസ് ഗ്രാന്റ് റിലീസ് ചെയ്യാനുള്ള നടപടികൾ എടുക്കേണ്ടതാണ്.

## പി ഡബ്ല്യൂ ഡി

അതിർത്തി ജില്ലകളിൽ കൂടുതൽ ആളുകൾ വന്നാൽ അവരെ താമസിപ്പിക്കാൻ സൗകര്യമുണ്ടോ എന്ന മുഖ്യമന്ത്രിയുടെ ചോദ്യത്തിന് മറുപടിയായി ഇക്കാര്യത്തിൽ വേണ്ട ശ്രദ്ധ നൽകുന്നുണ്ടെന്നും അതിർത്തി ജില്ലകളിലും വിമാനത്താവളങ്ങളുള്ള നാല് ജില്ലകളിലും വേണ്ടത്ര കെട്ടിടങ്ങൾ കണ്ടെത്തി വയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചു. ഇക്കാര്യത്തിലുള്ള റിപ്പോർട്ട് മുഖ്യമന്ത്രിയുടെ ഓഫീസിൽ കൂടി നൽകാമെന്നും അറിയിച്ചു.

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. ലാബുകളിൽ പരിശോധനയ്ക്കായി സാമ്പിളുകൾ എത്തുമ്പോൾ യുണീക് ഐ ഡി നമ്പർ, ലാബിന് പകരം സാമ്പിളുകൾ എടുക്കുന്ന സ്ഥലങ്ങളിൽ നിന്ന് തന്നെ ഇടാനാകുമോ എന്ന കാര്യം പരിശോധിക്കണം. **(ചുമതല – ആരോഗ്യ കുടുംബക്ഷേമ വകുപ്പ്)**
2. പരിശോധന ഫലം വൈകുന്നു എന്ന ചില മാധ്യമങ്ങളുടെ വാർത്തകൾക്ക് ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു കഴിഞ്ഞു.

3. തമിഴ്നാട്ടിൽ നിന്ന് കോവിഡ് രോഗികളെ പരിശോധിച്ചു എന്ന് പറയപ്പെടുന്ന ഡോക്ടർ നെയ്യാറ്റിൻകരയിൽ എത്തിയത് പരിശോധിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**
4. മോട്ടോർ പമ്പുകളുടെ വിൽപ്പന, റിപ്പയറിംഗ് എന്നിവയുടെ കാര്യത്തിൽ ഇളവ് നൽകുന്ന കാര്യം പരിശോധിക്കണം. **(ചുമതല - പൊതുഭരണ വകുപ്പ്)**
5. ഉരുളക്കിഴങ്ങിന്റെ വരവ് കൂടുതൽ ശ്രദ്ധിക്കണം. അത് കൂടുതൽ വരുത്താനുള്ള നടപടികൾ സ്വീകരിക്കണം. **(ചുമതല - ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്)**
6. ശസ്ത്രക്രിയകൾ മുടങ്ങുന്ന കാര്യം പരിശോധിച്ച് നടപടിയെടുക്കണം. **(ചുമതല - ആരോഗ്യ കുടുംബക്ഷേമ വകുപ്പ്)**
7. സർക്കാർ വാഹനത്തിൽ ഒരു അധ്യാപിക വയനാട് കടന്ന് കർണാടകത്തിൽ എത്തിയ കാര്യം പരിശോധിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**
8. സംസ്ഥാനത്തുടനീളം മാസ്കിന്റെ ലഭ്യത ഉറപ്പു വരുത്തണം. **(ചുമതല - പൊതു ഭരണ വകുപ്പ്)**
9. ഇപ്പോൾ കർണാടകത്തിൽ നിന്നും ആൾക്കാരെ കേരളത്തിലെത്തിക്കാമെന്ന് പറഞ്ഞ് പണം വാങ്ങി നാട്ടിൽ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇരിട്ടി, മാട്ടിറ എന്നിവിടങ്ങളിലും, കുടകിൽ കൃഷിക്ക് പോയവരേയും മറ്റുമാണ് വനത്തിൽ കൂടി ഇങ്ങനെ എത്തിക്കുന്നത്. ഇത് കർശനമായി പരിശോധിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**
10. മൂന്നാറിൽ ഭിന്നശേഷിക്കാർക്ക് റേഷൻ കടകളിൽ നിന്നും സാധനങ്ങൾ നിഷേധിച്ചു എന്ന പരാതിയിൽ അന്വേഷണം നടത്തണം. മാത്രമല്ല അവിടെ അരി, മറ്റു ഭക്ഷ്യ വസ്തുക്കൾ എന്നിവ എത്തിയില്ല എന്നു പറയുമ്പോഴും ഇതിന്റെ ലോഡുകൾ അവിടങ്ങളിൽ നിന്ന് പിടിച്ചെടുത്ത കാര്യം പരിശോധിക്കണം. **(ചുമതല - ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്)**
11. അതിർത്തി ചെക്ക് പോസ്റ്റുകളിൽ പരിശോധിക്കാനായി ഡോക്ടർമാർ ഉണ്ട് എന്ന് ഉറപ്പു വരുത്തണം. **(ചുമതല - ആരോഗ്യ കുടുംബക്ഷേമ വകുപ്പ്)**
12. സപ്ലൈകോയിൽ സ്റ്റോറുകളിൽ വിൽപ്പനയ്ക്കായി സാധനങ്ങളിൽ ലഭ്യത ഉറപ്പു വരുത്തണം. **(ചുമതല - ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്)**
13. തബ്ലീഗ് കോൺഫറൻസിൽ പങ്കെടുത്ത എല്ലാ പേരെയും കണ്ടെത്തി പരിശോധന നടത്തി എന്നുറപ്പു വരുത്തണം. **(ചുമതല - ആരോഗ്യ, ആഭ്യന്തര വകുപ്പ്)**
14. നിർമ്മാണ പ്രവർത്തനത്തിന് വേണ്ട കല്ല്, മണൽ എന്നിവയുടെ ലഭ്യത ഉറപ്പു വരുത്തണം. ക്വാറികളുടെ പ്രവർത്തനം ഇതിനായി അനുവദിക്കാവുന്നതാണ്. സിമന്റ് കട്ട പിടിക്കാതിരിക്കാൻ അതിന്റെ കടകൾ തുറന്ന് അട്ടി മാറ്റിയിടാൻ സൗകര്യം നൽകേണ്ടതാണ്. എന്നാൽ സിമന്റ് കടകളിൽ സിമന്റിന് അമിതവില ഈടാക്കുന്ന കാര്യം പരിശോധിക്കണം. **(ചുമതല - വ്യവസായം, ആഭ്യന്തര വകുപ്പ്)**
15. കാസർഗോഡ്, പാലക്കാട്, കണ്ണൂർ ജില്ലകളിൽ ഊടുവഴികളിൽ കൂടി ആളുകൾ കേരളത്തിലേക്ക് കടക്കുന്നത് കർശനമായി പരിശോധിക്കണം. തമിഴ് വംശജർ കേരളത്തിലേക്ക് വന്നു പോകുന്നത് തടയാൻ പോലീസ് റോന്തു ചുറ്റൽ നടത്തണം. **(ചുമതല - ആഭ്യന്തരം, ജില്ല കളക്ടർമാർ)**
16. കോട്ടയത്ത് കൂടുതൽ ആളുകൾ കടകൾ തുറക്കുന്നതിനാൽ എത്തുന്നു എന്ന കാര്യം പരിശോധിക്കണം. **(ചുമതല - ആഭ്യന്തരം, ജില്ല കളക്ടർ കോട്ടയം)**
17. കൊല്ലം ആര്യങ്കാവ് വഴി പരിശോധന കൂടാതെ ചരക്കു വാഹനങ്ങൾ കേരളത്തിൽ എത്തുന്നത് പരിശോധിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**

18. ആലപ്പുഴ രാമങ്കരിയിൽ തുണികടകൾ തുറന്നത് പരിശോധിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**
19. ഇടുക്കിയിൽ കടകൾ തുറക്കുമ്പോൾ സമൂഹ അകലം പാലിക്കപ്പെടുന്നില്ല എന്ന കാര്യം പരിശോധിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**
20. കൈതച്ചക്ക കർഷകർക്ക് ഹോർട്ടികോർപ്പ് 12 രൂപയ്ക്ക് സാധനമെടുത്തിട്ട് 30 രൂപയ്ക്കാണ് വിൽക്കുന്നത്. ഹോർട്ടികോർപ്പ് വിൽക്കുന്ന വില കുറച്ചാൽ കൂടുതൽ കൈതച്ചക്ക വിറ്റ് പോകും. ഇത് പരിശോധിക്കണം. **(ചമുതല - ഹോർട്ടികോർപ്പ്, കൃഷി വകുപ്പ്)**
21. വ്യാജമദ്യത്തിന്റെ ലഭ്യത കൂടുതലാണ്. ഇത് തടയണം. ഇതുവരെ 1138 കേസുകളും, 897 അറസ്റ്റും നടന്നിട്ടുണ്ട്. **(ചുമതല - എക്സൈസ്, ആഭ്യന്തര വകുപ്പ്)**
22. ലോക്ക്ഡൗൺ ഇളവു നൽകുമ്പോൾ എക്സൈസ് സ്ഥാപനങ്ങളിലും മറ്റും ആരോഗ്യപ്രവർത്തകരും പോലീസും അടങ്ങുന്ന സംഘം സന്ദർശിക്കുകയും ബോധവൽക്കരണം നടത്തുകയും വേണം. **(ചുമതല - ആരോഗ്യ കുടുംബക്ഷേമം, ആഭ്യന്തര വകുപ്പ്)**
23. മുഴക്കുന്ന് പോലീസ് സ്റ്റേഷൻ പരിധിയിൽ മുദാറ എന്ന സ്ഥലത്ത് ദിവസവും 10 പേർ വൈകുന്നേരം 6.30 മുതൽ 7.30 വരെ സംഘം ചേരുന്ന കാര്യം പരിശോധിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**
24. 7 അതിഥി തൊഴിലാളികൾ ഇതുവരെ ആത്മഹത്യ ചെയ്തു. ഇതു തടയുന്നതിനായി മറ്റ് അതിഥി തൊഴിലാളികൾക്ക് സാധ്യമായ ജോലികൾ നൽകുന്ന കാര്യം പരിശോധിക്കണം. **(ചുമതല - തദ്ദേശ സ്വയംഭരണ വകുപ്പ്)**
25. 422 സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതിൽ 202 ഇടത്ത് ക്രമക്കേട് കണ്ടെത്തുകയും വിജിലൻസ് ബന്ധപ്പെട്ട സ്ഥാപനങ്ങളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. **(ചുമതല - വിജിലൻസ്, ബന്ധപ്പെട്ട വകുപ്പുകൾ)**
26. ഡി.എച്ച്.എൽ കൊറിയർ സേവനദാതാക്കൾ മരുന്നുകൾ വിദേശത്തേക്ക് എത്തിക്കാൻ തയ്യാറാണെന്നറിയിച്ചിട്ടുണ്ട്. അവരുടെ കൊച്ചിയിലെ ഓഫീസിൽ എത്തിച്ചാൽ പാക്കിംഗ് സഹിതം ചെയ്യാമെന്ന് അവർ അറിയിച്ചു. 2 ദിവസത്തിനകം റെഡ് സോൺ ഒഴികെയുള്ള സ്ഥലങ്ങളിൽ അവർ ഓഫീസ് തുറക്കുമെന്നും അറിയിച്ചിട്ടുണ്ട്. ഈ ഓഫർ നമുക്ക് സ്വീകരിക്കാവുന്നതാണ്. **(ചുമതല - തദ്ദേശ സ്വയംഭരണ വകുപ്പ്)**
27. ക്രിസ്തീയ വിവാഹങ്ങൾ പള്ളികളിലാണ് നടക്കുന്നത് എന്നതിനാൽ ക്രിസ്ത്യൻ പള്ളികളിൽ വിവാഹ ചടങ്ങുകൾ 20 പേരെ വരെ ഉൾപ്പെടുത്തി നടത്താവുന്നതാണ്. **(ചുമതല - ആഭ്യന്തര വകുപ്പ്)**
28. ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകാൻ മുൻ എം.പി, എം.എൽ.എ എന്നിവരോട് നമുക്ക് അഭ്യർത്ഥിക്കാം. **(ചുമതല - പൊതുഭരണ വകുപ്പ്)**
29. റമദാൻ ആരംഭിക്കുന്നതിനാൽ ഇനി മുതൽ അവലോകന യോഗം 3 മണിക്കും, പത്രസമ്മേളനം 5 മണിക്കും നടത്തുന്നതാണ്. അടുത്ത യോഗം വരുന്ന ചൊവ്വാഴ്ച നടത്താം.
30. റമദാൻ നോമ്പ് ആരംഭിക്കുന്നതിനാൽ രാത്രി സമയത്ത് ഭക്ഷണം ലഭിക്കുന്നതിനായി ഓൺലൈൻ/പാഴ്സൽ ഭക്ഷണ സംവിധാനങ്ങൾക്ക് രാത്രി 10 വരെ പ്രവർത്തിക്കാവുന്നതാണ്. **(ചുമതല - ആഭ്യന്തരം, പൊതുഭരണ വകുപ്പ്)**
31. കമ്മ്യൂണിറ്റി കിച്ചണുകളിൽ അർഹരായവർ കുറവാണെന്ന കാര്യത്താൽ നിർത്തുന്നതിൽ തെറ്റില്ല. എന്നാൽ ഇത് ഉറപ്പ് വരുത്തണം. **(ചുമതല - തദ്ദേശ സ്വയംഭരണ വകുപ്പ്)**

32. തൊഴിലുറപ്പ് ജോലികളിൽ പ്രായമായവരെ പങ്കെടുപ്പിക്കുന കാര്യം മെയ് 3 ന് ശേഷം പരിശോധിക്കണം. **(ചുമതല - തൊഴിൽ, തശേദ്ദശസ്വയംഭരണ വകുപ്പ്)**
33. മഴക്കാലപൂർവ്വ ശുചീകരണം, മാലിന്യ നീക്കം എന്നീ ജോലികൾ തദ്ദേശ സ്വയംഭരണ വകുപ്പ് അടിയന്തരമായി ആരംഭിക്കേണ്ടതാണ്. ഇതിനായും മറ്റും ഫണ്ടുകളുടെ ലഭ്യത ഉറപ്പാക്കാൻ ധനകാര്യ വകുപ്പുമായി ചർച്ച നടത്തണം. **(ചുമതല - തദ്ദേശ സ്വയംഭരണ, ധനകാര്യ വകുപ്പ്)**
34. നിർബന്ധിതമായി ചിലവാക്കേണ്ടയിടങ്ങളിൽ നമ്മൾ ചിലവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. (**ചുമതല - ധനകാര്യ വകുപ്പ്)**

യോഗം 5.20ന് അവസാനിച്ചു.

## അനുബന്ധം 1

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ബഹു. റവന്യൂ വകുപ്പ് മന്ത്രി
3. ചീഫ് സെക്രട്ടറി
4. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
5. സ്റ്റേറ്റ് പോലീസ് ചീഫ്
6. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
7. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
8. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്
9. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
11. അഡീഷണൽ ചീഫ് സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്
12. ഡയറക്ടർ ജനറൽ ഫയർ ആന്റ് റസ്ക്യൂ
13. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
14. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
15. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം
16. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
17. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
18. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
19. സെക്രട്ടറി, ധനകാര്യം
20. സെക്രട്ടറി, ഊർജ്ജ വകുപ്പ്
21. സെക്രട്ടറി, ടൂറിസം വകുപ്പ്
22. സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്
23. സെക്രട്ടറി, വ്യവസായ വകുപ്പ്
24. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
25. മുഖ്യമന്ത്രിയുടെ സെക്രട്ടറി
26. ചെയർ പേഴ്സൺ, എക്സ്പെർട്ട് കമ്മിറ്റി
27. ഡി ജി ഇ, തിരുവനന്തപുരം
28. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
29. മറ്റുള്ളവർ